**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 144** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിന് സമഗ്രമായ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മുൻപ് നിർമാർജ്ജനം ചെയ്ത പകർച്ച വ്യാധികൾ വീണ്ടും റിപ്പോർട്ട് ചെയ്യുകയും ചികിത്സാ പിഴവുകൾ നിരന്തരം ആവർത്തിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് പകർച്ച വ്യാധികൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. ഓരോ വർഷവും കാലാവസ്ഥയ്ക്കനുസരിച്ച് മുൻ സർക്കാരിന്റെ കാലത്തുണ്ടായ പരിസര ശുചീകരണത്തിന്റെ പോരായ്മ മൂലം ഈ വർഷവും ചെറിയതോതിൽ പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പരിസര ശുചീകരണത്തിന് 'തുടക്കം' എന്ന പേരിൽ പരിസര ശുചീകരണ യജ്ഞം സർക്കാർ നടത്തി വരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ ചികിത്സാ പിഴവുകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പുതിയതായി ചികിത്സാ പിഴവുകൾ വരാതിരിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും നിയമങ്ങളും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

വൈവിദ്യമാർന്ന ഭൂപ്രദേശങ്ങളും വ്യത്യസ്തമായ കാലാവസ്ഥയും അനുഭവിക്കുന്ന നാടാണ് കേരളം. അതിനോടൊപ്പം ഉയർന്ന തോതിലുള്ള നഗര വത്കരണവും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സംസ്ഥാനവുമാണ് നമ്മുടെ കേരളം. പരിസ്ഥിതിയിലുള്ള മാറ്റങ്ങളും, കാലാവസ്ഥാ വ്യതിയാ നവും മാറുന്ന ജീവിത സാഹചര്യങ്ങളും കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ തോതിലും സ്വഭാവത്തിലും ഗണ്യമായ രോഗങ്ങളുടെ കൊണ്ടു മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. വിവിധയിനം പകർച്ചവ്യാധികൾ കഴിഞ്ഞ വർഷങ്ങളായി പൊതുജനാരോഗ്യ പ്രശ്നമായി കേരള ത്തിൽ നിലനിൽക്കുന്നുണ്ട്. കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ജന വിശ്വാസം പുനഃസ്ഥാപിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ 'കായകല്പം' എന്ന സമഗ്ര ആരോഗ്യ പുനരുജ്ജീവന പരിപാടിയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഈ ജനസമ്പർക്ക അധിഷ്ഠിത സംരംഭം ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിട്ട് വിലയിരുത്തുകയും സമയബന്ധിത പരിഹാരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്ന ഒരു നവീന ഇടപെടലാണ്.

കായകല്പം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ആരോഗ്യ അദാലത്തുകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾ, ആരോഗ്യ വിദഗ്ധർ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരിൽ നിന്ന് നേരിട്ട് പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്നു.

**(ബി)** ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കുന്നതിന് പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ആരോഗ്യരംഗത്തെ കേരള മോഡൽ തിരിച്ച് കൊണ്ടുവരുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിൽ കഴിഞ്ഞ വർഷങ്ങളായി മഴക്കാലത്തും വേനൽക്കാലത്തും ആവർത്തിച്ചുവരുന്ന പകർച്ചവ്യാധികളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും കൃത്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമായി 19.06.2026 ലെ സ.ഉ(സാധാ) നം. 2054/2026/H&FWD പ്രകാരം ഒരു ഹൈപവർ കമ്മിറ്റി (State High Power Committee for Epidemic Control) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രഗത്ഭരായ ഡോക്ടർമാരെയും വിവിധ അനുബന്ധ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു സമിതിയാണിത്.

വിവിധ മേഖലകളുടെ പകർച്ചവ്യാധികളെക്കുറിച്ചുള്ള സമഗ്രമായ നിയന്ത്രണത്തിന് പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. പകർച്ചവ്യാധികളെ കുറിച്ചുള്ള ഒരു സമഗ്രപഠനം നടത്തുമ്പോൾ സ്വകാര്യ മേഖല, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ, ഭക്ഷ്യസുരക്ഷാ വകുപ്പ്, എന്നിവയെകൂടി ഉൾപ്പെടുത്തും. നിപ രോഗനിർണ്ണയം നടത്തിയത് സ്വകാര്യ മേഖലയിലെ ഡോക്ടറാണ്. അദ്ദേഹത്തെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഹാരത്തിലൂടെ പടരുന്ന രോഗങ്ങൾ തടയുന്നത് ലക്ഷ്യമിട്ട് ഭക്ഷ്യസുരക്ഷാ വിഭാഗത്തെയും, മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും അസുഖം പകരുന്നതിനാൽ മൃഗസംരക്ഷണ വകുപ്പിനെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മേഖലയിലെ വിദഗ്ദ്ധർക്കൊപ്പം, സ്വകാര്യ മേഖലയിലെ ഡോക്ടർമാർ, അസോസിയേഷൻ പ്രതിനിധികൾ ഏകാരോഗ്യ മേഖലയിലെ വിദഗ്ധർ, മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ദ്ധർ, ആയുഷ് വകുപ്പിലെ എല്ലാ വിഭാഗത്തിലെയും ഡോക്ടർമാർ തുടങ്ങിയവർ കമ്മിറ്റിയിൽ അംഗങ്ങൾ ആണ്.

പ്രധാന ലക്ഷ്യങ്ങൾ (Main objectives) ചുവടെ നൽകുന്നു.

1. എപിഡെമിക് കലണ്ടർ (Epidemic Calendar): കേരളത്തിനായി ഒരു വാർഷിക എപിഡെമിക് കലണ്ടർ തയ്യാറാക്കുക. ഓരോ സീസണിലും വരാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ മുൻകൂട്ടി കണ്ട്, പ്രതിരോധ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങണം എന്ന് കൃത്യമായി ആസൂത്രണം ചെയ്യാൻ ഇത് സഹായിക്കും.

2. രോഗവ്യാപന പഠനവും നിരീക്ഷണവും (Surveillance & Study): രോഗങ്ങൾ പടരുന്ന രീതിയെക്കുറിച്ച് (Disease Spread) ശാസ്ത്രീയമായ പഠനങ്ങൾ നടത്തുക. പകർച്ചവ്യാധികൾ നേരത്തെ തിരിച്ചറിയുന്നതിനായി ജാഗ്രതാ-നിരീക്ഷണ സംവിധാനങ്ങൾ (Early warning and surveillance mechanisms) ശക്തമാക്കുക.

3. ചികിത്സാ-ക്വാറന്റൈൻ മാനദണ്ഡങ്ങൾ (Protocols): പകർച്ചവ്യാധി സമയങ്ങളിൽ പിന്തുടരേണ്ട കൃത്യമായ ചികിത്സാ മാനദണ്ഡങ്ങളും (Standard Treatment Protocols), ക്വാറന്റൈൻ മാനദണ്ഡങ്ങളും (Quarantine Protocols) ആവിഷ്കരിക്കുക.

4. ആരോഗ്യ സംവിധാനങ്ങളുടെ സജ്ജീകരണം (Capacity Building): ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും പകർച്ചവ്യാധികളെ നേരിടാൻ അവയെ സജ്ജമാക്കുകയും ചെയ്യുക. പകർച്ചവ്യാധി സമയത്തെ ഒ.പി (OP), ഐ.പി (IP) വിഭാഗങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുക.

5. ഏകോപിത പ്രവർത്തനങ്ങൾ (Inter-departmental Coordination): പോലീസ്, ഭക്ഷ്യസുരക്ഷാ വകുപ്പ് (Food & Safety), തദ്ദേശസ്വയംഭരണ വകുപ്പ് മൃഗസംരക്ഷണ വകുപ്പ് (Animal Husbandry), ജില്ലാ ഭരണകൂടം എന്നിവരുമായി ചേർന്ന് ഏകോപിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. മരുന്ന് ലഭ്യതയും സംഭരണവും (Procurement): KMSCL വഴിയോ അടിയന്തര സാഹചര്യങ്ങളിൽ അംഗീകൃത പ്രാദേശിക വാങ്ങൽ (Local purchase) വഴിയോ മരുന്നുകളും മറ്റ് അത്യാവശ്യ വസ്തുക്കളും സമയബന്ധിതമായി ലഭ്യമാക്കാനുള്ള സംവിധാനം ഉറപ്പാക്കുക.

7. ആശയവിനിമയ തന്ത്രങ്ങൾ (Communication Strategy): പകർച്ചവ്യാധികളെക്കുറിച്ച് മാധ്യമങ്ങളിലൂടെ കൃത്യമായ വിവരങ്ങൾ നൽകുന്നതിനായുള്ള വിനിമയ തന്ത്രങ്ങൾ രൂപീകരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എമാർ, എം.പിമാർ എന്നിവരുമായി നിരന്തരമായ ആശയവിനിമയം നിലനിർത്തുക.

8.പുനരധിവാസവും മാനസിക പിന്തുണയും : രോഗബാധിതരായവരുടെ പുനരധിവാസവും അവർക്കാവശ്യമായ മാനസിക-സാമൂഹിക പിന്തുണയും (Psychosocial support) ഉറപ്പാക്കുക.

9. നിരീക്ഷണവും അവലോകനവും (Monitoring & Review): സംസ്ഥാന-ജില്ലാ തലങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കാനും അവലോകനം ചെയ്യാനുമുള്ള സംവിധാനങ്ങൾ ഒരുക്കുക. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നു എന്ന് ഉറപ്പാക്കുക.

10. പ്രതിരോധ നിർദ്ദേശങ്ങൾ: പകർച്ചവ്യാധികൾ തടയുന്നതിനായി സർക്കാരിന് കൃത്യമായ സമയത്ത് ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങളും റിപ്പോർട്ടുകളും സമർപ്പിക്കുക.

സംസ്ഥാനതലത്തിൽ നയരൂപീകരണത്തിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംസ്ഥാന പകർച്ചവ്യാധി നിയന്ത്രണ ഒഹൈപവർ കമ്മിറ്റി (State High Power Committee for Epidemic Control) പ്രായോഗികമായി നിർദ്ദേശങ്ങൾ രൂപീകരിക്കും. നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല ആക്ഷൻ കമ്മിറ്റി (State Level Action Committee) സമിതി രൂപീകരിക്കും.

സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം ഈ സമിതിയുടെ ഭാഗമായി പ്രവർത്തിക്കും. ജില്ലകളിൽ രോഗവ്യാപനത്തിന്റെ സൂചനകൾ നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനും ജില്ലാതല ഔട്ട്ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിക്കും.

ജില്ലാ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ജില്ലാതല ആക്ഷൻ കമ്മിറ്റിയുടെ പ്രവർത്തന സമിതിയിൽ സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) അംഗങ്ങൾ ഉൾപ്പെടുന്നതാണ്. ഓരോ ആരോഗ്യ സ്ഥാപനങ്ങളിലും (ആശുപത്രികൾ ഉൾപ്പെടെ) രോഗവ്യാപനം നിരീക്ഷിക്കുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സ്ഥാപനതല ഔട്ട്ബ്രേക്ക് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കും.

**സെക്ഷൻ ഓഫീസർ**